കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അഴീക്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/833/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ,
ഇമെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തീയതി: 16.11.2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അഴീക്കോട് ഗ്രാമ പഞ്ചായത്ത്

സർ,

| | | |
|---|---|---|
| വിഷയം | : | അഴീക്കോട് ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്. |

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-12, 1-14, 1-23 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇമെയിൽ വഴി)

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ/കെ.എൻ.ആർ/സി.5/833/2020. തീയതി: 16.11.2020

# കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.02.2019 മുതൽ 03.07.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-07-2020 മുതൽ 17-07-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.വിജോഷ്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനൂപ്.കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിഖില.എ.എം. | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സി പ്രസന്ന | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.എം.കെ നാരായണൻകുട്ടി | 01-04-2018 മുതൽ 31-03-2019 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജയരാജ് പി | 01-04-2018മുതൽ 01-07-2018 വരെ |
| | ശ്രീമതി ആരതി പി എസ് | 02.07.2018മുതൽ 25.01.2019 വരെ |
| | ശ്രീമതി.സീന എ | 26.01.2019മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീ രാജൻ വി പി | 01-04-2018മുതൽ 03.10.2018 വരെ |
| | ശ്രീമതി. ഷീബ ടി | 04.10.2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (അഴീക്കോട് നോർത്ത്) | ശ്രീ നൗഷാദ് കെ ബി | 01-04-2018മുതൽ 31-03-2019 വരെ |
| വിഇഒ (അഴീക്കോട് സൗത്ത്) | ശ്രീമതി.ഷബാന വി പി | 01.04.2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (CHC) | ഡോ.സന്തോഷ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ | ഡോ.ഒ എം അജിത<br>ഡോ. പ്രശാന്ത് വി | 01-04-2018മുതൽ 05.08.2018 വരെ<br>06.08.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷൈലജ എ എം | 01-04-2018മുതൽ 18-07-2018 വരെ |
| | ശ്രീമതി.സുനമോൾ | 19-07-2018മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി സരള ടി | 01-04-2018മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി മൃദുല എം ടി | 01-04-2018മുതൽ 24.07.2018 വരെ |
| | ശ്രീ എം പ്രദീപൻ | 25.07.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.മിനി നാരായണൻ | 01.04.2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാമസുബ്രഹ്മണ്യം | 01.04.2018 മുതൽ 05.07.2018 വരെ |
| | ഡോ.ജ്യോതി കെ | 06.07.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ട്രേഡേഴ്സ് ലിസ്റ്റിൽ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല/തൊഴിൽ നികുതി അപാകങ്ങൾ | 1-12 |
| 13 | അങ്കണവാടി കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കേണ്ടതാണ്. | 1-13 |
| 14 | സ്ഥാപനത്തിനു പകരം വ്യക്തിക്ക് തുക അനുവദിക്കുന്നതിനാൽ ജി.എസ്.ടി. അടവാക്കുന്നതിൽ കുറവു വരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. | 1-14 |
| 15 | കുള്ളൻ തെങ്ങിൻ തൈ വിതരണത്തിലെ അപാകങ്ങൾ – 1,12,500/- രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 16 | പശു വളർത്തൽ – അപാകങ്ങൾ – 1,35,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 17 | പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം ചെയ്ത് വില്പന നടത്തി തുക | 1-17 |

| | | |
|---|---|---|
| | തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. | |
| 18 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ – അപാകങ്ങൾ | 1-18 |
| 19 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് – അധികം നൽകിയ 1,578/- രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 20 | പള്ളിക്കുന്നുമ്പ്രം സാംസ്കാരിക നിലയത്തിന് ലൈബ്രറി പുസ്തക വിതരണം അപാകങ്ങൾ – 50,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | വാണിജ്യാടിസ്ഥാനത്തിൽ പുഷ്പ കൃഷിഃ- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ -16,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | വയോജന ക്ഷേമ പ്രവർത്തനങ്ങൾഃ- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ – 4,67,180/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതികൾ – ചെലവ് രേഖകൾ ഹാജരാക്കിയില്ല – 95,967/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്ന് റാക്ക് വാങ്ങൽ – പിഴ ഈടാക്കിയില്ല | 1-24 |
| 25 | മരാമത്ത് പ്രവൃത്തി – രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ. | 1-25 |
| ഭാഗം 2-വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | | |
| ഭാഗം 3-ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | | |
| ഭാഗം 4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 38 | റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2- |

| | | |
|---|---|---|
| | | 1 |
| 39 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 20.03.2018 തീയതിയിലെ 109/18 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 44794874 |
| വരവ് | 234797300 |
| ആകെ | 279592174 |
| ചെലവ് | 232213071 |
| നീക്കിയിരിപ്പ് | 47379103 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 03.06.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,33,39,234.55 |
| വരവ് | 21,54,67,814 |
| ആകെ | 27,88,07,048.55 |
| ചെലവ് | 20,01,99,809 |
| നീക്കിയിരിപ്പ് | 7,86,07,239.55 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 26814000 | 26814000 | 23128245 | 3685755 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6716001 | 6716001 | 6709410 | 6591 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 168999 | 168999 | 0 | 168999 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6825000 | 6825000 | 6754123 | 70877 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5625000 | 5625000 | 4854376 | 770624 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 13530892 | 13530892 | 11092930 | 2437962 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 6098519 | 6098519 | 6098519 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2110 | 950407 | 952516 | 949899 | 2618 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| ഐ.സി.ഡി.എസ് | | 1482203 | 517375 | 1999578 | 700000 | 1299578 |
| ടി.എസ്.സി | | 0 | 1333819 | 1333819 | 1212285 | 121534 |

വാർഷിക ധനകാര്യ പത്രികയിലെ B-4 ഷെഡ്യൂൾ പ്രകാരം 56,16,835.01/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇവയുടെ ഇനം തിരിച്ച വരവു ചെലവു കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ളുടെ ശതമാനം |
| 262 | 116447751 | 182 | 69840497 | 5 | 80 | 65.64 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 16 | 9892243 | 7466161 | 75.47 |
| കൃഷി ഓഫീസർ | 19 | 18 | 8679549 | 4697009 | 54.12 |
| വെറ്റിനറി സർജൻ | 12 | 11 | 3974511 | 3663501 | 92.17 |
| വി.ഇ.ഒ | 20 | 13 | 14508971 | 7646297 | 52.70 |
| അസി.എഞ്ചിനീയർ | 120 | 67 | 57809198 | 28638780 | 49.54 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24 | 21 | 11554100 | 9412079 | 81.46 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 3 | 1467740 | 761932 | 51.91 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 7 | 7 | 1978518 | 1958231 | 98.97 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 3 | 693046 | 388606 | 56.07 |
| ഹെഡ് മാസ്റ്റർ | 12 | 12 | 1728788 | 1348697 | 78.03 |
| അസി.സെക്രട്ടറി | 12 | 11 | 4161087 | 3859204 | 92.75 |
| ആകെ | 262 | 182 | 116447751 | 69840497 | 59.98 |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായിരുന്നു.ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽ തന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്. ജി.ഒ.(എം.എസ്)10/17/തസ്വഭവ.തീ. 09.01.2017 ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. എന്നാൽ 2018-19 വർഷം പഞ്ചായത്തിലെ ആസൂത്രണസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് യോഗ മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ അനിവാര്യമായ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനിട്സുകളുടെ പരിപാലനം കുറ്റമറ്റ രീതിയിലാവേണ്ടതുണ്ട്. ഉദാഹരണത്തിന് ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് മിനിടിസിൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തീരുമാനങ്ങൾ ഇല്ല.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി പലപ്പോഴും യോഗം ചേർന്ന് പദ്ധതികളുടെ ജയപരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2110 | 950407 | 952516 | 949899 | 2618 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 6098519 | 6098519 | 6098519 | 0 |

രജിസ്റ്റർ പ്രകാരമുള്ള തുകകളാണ് മേൽ പട്ടികയിൽ നൽകിയിട്ടുള്ളത്. ഈ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ I-6, RP- 31 എന്നീ ഷെഡ്യൂളുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60120 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 3821600 | 355 |
| വിധവാപെൻഷൻ | 18159000 | 1473 |
| വാർദ്ധക്യകാലപെൻഷൻ | 52935500 | 4169 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 6021400 | 139 |
| 50 വയസ് തികഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5865300 | 486 |
| വിവാഹ ധനസഹായം | 510000 | 17 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,135/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ച് ചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്. യോഗത്തിന്റെ അജണ്ടകൾ എന്തൊക്കെയാണെന്ന് കൃത്യമായി മിനിട്സിൽ എഴുതിച്ചേർക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജനുവരി 15നു മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായുണ്ട്. നിയമ പ്രകാരം ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാവരും പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് എല്ലാ മാസവും അംഗീകരിക്കുന്നുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ ആന്തരിക സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.02.2020 | 1/2020 | 09.03.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2014-15 to 2017-18 | ലഭ്യമല്ല |

## 1-11 വാർഷികകണക്കില അപാകതകൾ

1. സഞ്ചയ പത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. അഡ്ജസ്റ്റ്മെന്റ് (I-18) സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3. ഡെപ്പൊസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4. 3/2009 -ലെ അക്വിറ്റൻസ് പ്രകാരം കോ-ഓപ്പറേറ്റീവ് റിക്കവറി 6,000/- ആണ്. എന്നാൽ ബി-9 ഷെഡ്യൂളിൽ ഇത് 2,000/- ആണ്.

5. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ അപൂർണമാണ്.

6. മണൽ വിൽപന ഇനത്തിലുള്ള വരവിന്റെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 1-12 ട്രേഡേഴ്സ് ലിസ്റ്റിൽ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല/തൊഴിൽ നികുതി അപാകങ്ങൾ.

എ)ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിൽ ആകെ 17924 സ്ഥാപനങ്ങൾക്ക് ആണ് കെട്ടിട നമ്പർ നല്കിയിരിക്കുന്നത്. ഇതിൽ വാണിജ്യാവശ്യങ്ങൾക്കായി 3596 കെട്ടിടങ്ങൾക്ക് ആണ് നമ്പർ നല്കിയിരിക്കുന്നത്. ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേർസ് ലിസ്റ്റിൽ 608 സ്ഥാപനങ്ങൾ മാത്രമെ ഉൾപ്പെട്ടിട്ടുള്ളു. ട്രേഡേർസ് ലിസ്റ്റിൽ 10,11,12,13,14,19,20 വാർഡുകളിലെ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. വാർഡു തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.

| വാർഡ് | ആക സ്ഥാപനങ്ങൾ | വാണിജ്യാവശ്യ ങ്ങൾക്കുള്ള സ്ഥാപനങ്ങളുടെ എണ്ണം | ട്രേഡേർസ്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ | വ്യത്യാസം |
|---|---|---|---|---|
| 1 | 915 | 296 | 60 | 236 |
| 2 | 820 | 208 | 57 | 151 |
| 3 | 808 | 302 | 18 | 284 |
| 4 | 758 | 74 | 16 | 58 |
| 5 | 760 | 265 | 90 | 175 |
| 6 | 725 | 151 | 25 | 126 |
| 7 | 1067 | 346 | 78 | 268 |
| 8 | 987 | 303 | 68 | 235 |
| 9 | 553 | 65 | 8 | 57 |
| 10 | 500 | 23 | ഹാജരാക്കിയിട്ടില്ല | |
| 11 | 723 | 78 | ഹാജരാക്കിയിട്ടില്ല | |
| 12 | 895 | 199 | ഹാജരാക്കിയിട്ടില്ല | |
| 13 | 725 | 58 | ഹാജരാക്കിയിട്ടില്ല | |
| 14 | 802 | 110 | ഹാജരാക്കിയിട്ടില്ല | |
| 15 | 790 | 55 | 12 | 43 |
| 16 | 971 | 258 | 81 | 177 |
| 17 | 831 | 252 | 70 | 182 |
| 18 | 633 | 102 | 25 | 77 |
| 19 | 623 | 59 | ഹാജരാക്കിയിട്ടില്ല | |
| 20 | 635 | 62 | ഹാജരാക്കിയിട്ടില്ല | |
| 21 | 796 | 115 | ഹാജരാക്കിയിട്ടില്ല | |
| | | | | |

| | | | | |
|---|---|---|---|---|
| 22 | 771 | 99 | ഹാജരാക്കിയിട്ടില്ല | |
| 23 | 836 | 116 | ഹാജരാക്കിയിട്ടില്ല | |
| ആക | 17924 | 3596 | 608 | |

മേൽ കാണിച്ച കണക്കുകളിൽ നിന്നും വാണിജ്യാവശ്യങ്ങൾക്ക് വേണ്ടി കെട്ടിട നമ്പർ ലഭ്യമാക്കിയ സ്ഥാപനങ്ങളിൽ 17 ശതമാനത്തോളം കെട്ടിടങ്ങൾ മാത്രമേ വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസ് കൈപ്പറ്റിയതായി കാണുന്നുള്ളൂ. ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/18-19 dated 15-07-2020) ട്രേഡേഴ്സ് ലിസ്റ്റ് കണ്ടെത്താൻ കഴിയാത്തതിനാലാണ് ഹാജരാക്കാൻ സാധിക്കാത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. കൂടാതെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>ബി.) തൊഴിൽ നികുതി അപാകങ്ങൾ</u>

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (രണ്ടാം അർദ്ധവർഷം) ഈടാക്കിയിട്ടില്ല.

1. നിക്ഷാൻ ഇലക്ട്രോണിക്സ്

2.പി സി കെ ഇൻഡസ്ട്രീസ് പോർട്ട് റോഡ്

3.ദേവി ലിങ്ക്സ്

4.അമൃത ഗാർമെൻസ് വൻകുളത്ത് വയൽ

5.ഇൻഡസ് മോട്ടോർ കമ്പനി

6. ഗോൾഡൻ ഇന്ത്യ ആറാംകോട്ടം

7.പി വി വുഡ് ഇൻഡസ്ട്രീസ്

8.ടെലഫോൺ എക്സ്ചേഞ്ച് അഴീക്കോട്

സി.)അഴീക്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നുണ്ട്. അവയിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി ഇവ ഈടാക്കിയിട്ടില്ല. ഇവയിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി ഇവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 അങ്കണവാടി കുടിവെള്ളപദ്ധതികൾ പൂർത്തിയാക്കേണ്ടതാണ്

പഞ്ചായത്തിലെ വിവിധ അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി കുടിവെള്ള സൗകര്യം ലഭ്യമാകാത്തവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ബിൽ നമ്പർ | അങ്കണവാടി | തുക |
|---|---|---|---|---|
| 1 | 275/19 | 1819015202050082б754/21.11.18 | ചാൽ ശിശുമന്ദിരം | 15,000 |
| 2 | 277/19 | 18190152020500826755/21.11.18 | എ എൻ യു പി സ്കൂൾ | 49,000 |
| 3 | 280/19 | 18190152020500826758/21.11.18 | കച്ചേരിപ്പാറ | 15,000 |
| 4 | 281/19 | 18190152020500826759/21.11.18 | പൊയ്യത്തും കടവ് | 15,000 |
| | | | ആകെ | 94,000 |

മേൽ അങ്കണാവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/18-19 തീ.15.7.2020 ന് മറുപടിയായി കുടിവെള്ള കണക്ഷനുള്ള പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു എന്നാണ് ഐസിഡിഎസ് സൂപ്പർവൈസർ വ്യക്തമാക്കിയത്. എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 സ്ഥാപനത്തിനു പകരം വ്യക്തിക്ക് തുക അനുവദിക്കുന്നതിനാൽ ജി എസ് ടി അടവാക്കുന്നതിൽ കുറവു വരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്

പഞ്ചായത്തിലെ വിവിധ പ്രോജക്ടുകൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനു വേണ്ടി ടെണ്ടർ നടപടികളിൽ പങ്കെടുത്തത് അനു ഏജൻസീസ്, ചെക്കിക്കുളം എന്ന് സ്ഥാപനമാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്തതിനു ശേഷം അനു ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ആവശ്യ പ്രകാരം തുക കൈമാറിയിരിക്കുന്നത് ശ്രീ.ഒ.മുകുന്ദൻ എന്ന വ്യക്തിക്കാണ്. ജി.എസ്.ടി. അടവാക്കുന്നത് സ്ഥാപനത്തിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നിരിക്കെ, ഇത്തരത്തിൽ തുക നൽകിയതു കാരണം സർക്കാരിനു ലഭിക്കേണ്ട നികുതി വിഹിതം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/18-19 തീ.15.7.2020 ന് മറുപടിയായി ടെണ്ടർ ഫോറത്തിൽ ഒ മുകുന്ദൻ എന്നാണ് രേഖപ്പെടുത്തിയത് എന്നാണ് വ്യക്തമാക്കിയത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ വിഷയത്തിൽ ജി എസ് ടി വകുപ്പുമായി ബന്ധപ്പെടുകയും, പ്രസ്തുത വ്യക്തി ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങിയ തുകയുടെ വിശദാംശങ്ങൾ ജി എസ് ടി റിട്ടേണിലൂടെ സർക്കാറിന് ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നില്ലെങ്കിൽ സംസ്ഥാന ജി എസ് ടി വകുപ്പിനെ ഈ വിവരം അറിയിക്കുകയും നിയമനടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യേണ്ടതുമാണ്. ഈ വിഷയത്തിൽ സെക്രട്ടറി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് | ബിൽ നമ്പർ | വിശദാംശങ്ങൾ | തുക |
|---|---|---|---|---|

| നമ്പർ | നമ്പർ | | | |
|---|---|---|---|---|
| 1 | 308/19 | 18190152007501291701/2.03.19 | എസ് സി സ്കൂളിന് അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ | 34,438 |
| 2 | 306/19 | 18190152007501152825/2.2.19 | സാംസ്കാരിക നിലയങ്ങൾക്ക് ടി വി സ്ഥാപിക്കൽ | 35,839 |
| 3 | 304/19 | 18190152007501152672/2.2.19 | സാംസ്കാരിക നിലയങ്ങൾക്ക് ഷെൽഫ് | 28,625 |
| | | | ആകെ | 98,902 |

# 1-15 കുള്ളൻ തെങ്ങിൻ തൈ വിതരണത്തിലെ അപാകങ്ങൾ 1,12,500/- തടസ്സപ്പടുത്തുന്നു

പ്രോജക്ട് നമ്പർ- 87/19 (കുള്ളൻ തെങ്ങിൻ തൈവിതരണം)

നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ- 1,12,500 (വികസനഫണ്ട്), 37,500 (മറ്റുള്ളവ)

ആകെ- 1,50,000

ബിൽ നമ്പർ-18190152024600130306 3/6.3.19 ₹1,12,500

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ കുള്ളൻ തെങ്ങിൻ തൈ വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. അതിനു വേണ്ടി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി പ്രൊഫോർമ ഇൻവോയ്സ് നമ്പർ 277/14.02.19 പ്രകാരം ₹250 നിരക്കിൽ 800 എണ്ണം കുള്ളൻ തെങ്ങിൻ തൈ ₹200000 ത്തിന് വിതരണം ചെയ്യാമെന്ന് അറിയിക്കുകയുണ്ടായി. ഈ ആവശ്യത്തിനു വേണ്ടി മുകളിൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹1,12,500 നൽകിയിട്ടുണ്ട്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും എത്ര തെങ്ങിൻ തൈകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കണമെന്ന് ഓഡിറ്റ് അന്വേഷണം നമ്പർ 13/18-19 തീ.15.7.2020 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 1,12,500 രൂപ തടസ്സപ്പെടുത്തുന്നു.

# 1-16 പശു വളർത്തൽ - അപാകങ്ങൾ - 1,35,000/- തടസ്സപ്പടുത്തുന്നു

പ്രോജക്ട് നമ്പർ- 20/19 (പശു വളർത്തൽ)

നിർവഹണം- വെറ്റിനറി സർജൻ

അടങ്കൽ- 1,35,000 (വികസനഫണ്ട് )

ബിൽ നമ്പർ- 1) 18190152020500978498/22.12.18 ₹54,000

ബിൽ നമ്പർ- 2) 18190152009500999638/28.12.18 ₹27,000

ബിൽ നമ്പർ- 3) 181901520095010050714/11.01.19 ₹27,000

ബിൽ നമ്പർ- 4) 18190152009501399599/18.03.19 ₹27,000

ആകെ -₹1,35,000

ക്ഷീരോത്പാദകർക്ക് കന്നുകാലികളെ വാങ്ങി നൽകുന്നതിലൂടെ കർഷകർക്ക് വരുമാന വർദ്ധനവ് സൃഷ്ടിക്കുന്നതിന് ഉദ്ദേശിച്ചാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഉരുക്കളെ വാങ്ങി നൽകുന്നതിനുള്ള മുഴുവൻ തുകയും ആരിൽ നിന്നാണോ പശുക്കളെ വാങ്ങുന്നത് അവർക്കാണ് നൽകേണ്ടതെന്ന് സബ്സിഡി മാർഗരേഖ നമ്പർ ജി ഒ (എം എസ്) 22/2018 തസ്വഭവ 14.02.2018 ഖണ്ഡിക 6.2 ൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ സബ്സിഡി തുകയായ ₹27000 മാത്രമേ വിൽപന നടത്തിയ വ്യക്തിക്ക് നൽകിയിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/18-19 തീ.17.7.20 ന് നൽകിയ മറുപടിയിൽ ആകെ വിലയിൽ സബ് സിഡി കഴിച്ച് ബാക്കി തുക ബാങ്ക് വായ്പ ആയതിനാലാണ് ഇത് സംഭവിച്ചത് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ ബാങ്കിൽ നിന്നും വായ്പാ തുക, വിൽപന നടത്തിയ വ്യക്തിക്ക് നൽകിയതിന്റെ യാതൊരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ ₹1,35,000 തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. മനോഹരൻ വി വി
2. ഇ എം മുഹമ്മദ് ഹാജി
3.പ്രിയ കെ വി
4. സുധീന്ദ്രൻ എം
5. പ്രകാശൻ എം എൻ

# 1-17 പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്ത് വിൽപന നടത്തി തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

വൗച്ചർ നമ്പർ- 21800147/14.11.18

ചെക്ക് നമ്പർ - 020081656/14.11.18 ₹8712

കൺവീനർ- ബൈജു കെ (പി ടി എ പ്രസിഡന്റ്)

പഞ്ചായത്തിലെ ഗവൺമെന്റ് ഫിഷറീസ് എൽ.പി.സ്കൂളിന് പുതിയ ഡൈനിംഗ് ഹാൾ നിർമിക്കുന്നതിന് വേണ്ടി പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനാണ് മേൽപ്രകാരം തുക

ചെലവഴിച്ചിട്ടുള്ളത്.വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

1) Engaging man mazdur for removing MP tiles and carefully stacking

2) Dismantiling laterite masonary and carefully stacking

മേൽ പ്രവൃത്തിക്കു വേണ്ടി ആകെ ₹8712 ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പൊളിച്ചു മാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചിട്ടില്ലാത്തതിനാൽ ലേലം ചെയ്ത് വിൽപന നടത്തി തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 25/18-19 തീയതി 16.07.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാധനങ്ങൾ ലേലം ചെയ്ത് വിൽപന നടത്തി തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-18 കുടിവള്ള പൈപ്പ് ലൈൻ നീട്ടൽ അപാകങ്ങൾ

പ്രോജക്ട് നമ്പർ- 6/19 (കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ)

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 8,55,777/- (വികസനഫണ്ട് ), 19,58,100/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്), 41,323(തനത് ഫണ്ട്)

ആകെ - ₹28,55,200

ബിൽ നമ്പർ-18190152009400990408/26.12.18 ₹8,55,777

ബിൽ നമ്പർ - 20/18-19 തീ. 16.1.19 ₹19,58,100

ചെക്ക് നമ്പർ- 2568760/15.01.19 ₹41323

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ 26.12.18 ലെ നമ്പർ ഡി-1/15116/2018/WSDN/KNR കത്ത് പ്രകാരം ആകെ ₹28,55,200 വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 24/18-19 15.07.2020 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-19 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - അധികം നൽകിയ 1,578/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ- 219/19 (എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 7,20,000 (വികസനഫണ്ട് - എസ് സി പി)
ചെലവ്- ₹6,68,117

ബിൽ നമ്പർ-181901520075001173‌09/16.5.18 ₹6,38,767

ബിൽ നമ്പർ-1819015200750019‌1723/02-3-19 ₹29,350

ഗ്രാമപഞ്ചായത്തിലെ 24 വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ലാപ്ടോപ്പ് നൽകുന്നതിന വേണ്ടിയാണ് ഈ പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. 23 വിദ്യാർത്ഥികൾക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ച് ലാപ് ടോപ്പ് വാങ്ങിയിരിക്കുന്നത് കണ്ണൂർ ഐ ടി സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ ITKHA/515/28.3.18, (ആകെ ബിൽ തുക ₹6,38,767) പ്രകാരം ഒരു ലാപ് ടോപ്പിന് ₹27,772.48 നിരക്കിലാണ്. എന്നാൽ ഒരു വിദ്യാർത്ഥിക്ക് മാത്രം ലാപ് ടോപ്പ് നൽകുന്നതിന വേണ്ടി പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ ITKHA/889/1.3.19 പ്രകാരം ₹29,350 നൽകിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/18-19 തീ.15.7.2020 ന് മറുപടിയിൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ പഠിക്കുന്ന എന്ന കാരണത്താൽ ആദ്യം ഒഴിവാക്കിയ വിദ്യാർഥിക്ക് അർഹതയുണ്ടെന്ന കാരണത്താൽ പിന്നീട് നൽകുകയാണ് ഉണ്ടായത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകുന്നതിന വേണ്ടി Kannur IT Solutions എന്ന സ്ഥാപനത്തെ സമീപിച്ചപ്പോൾ വില വർധിച്ചതു കാരണം ആദ്യം സമർപ്പിച്ച തുകയ്ക്ക് നൽകാനാവില്ല എന്ന് അറിയിച്ചതിനാലാണ് പ്രാദേശികമായി ക്വട്ടേഷൻ നടപടി സ്വീകരിച്ച് ലാപ് ടോപ്പ് വാങ്ങിയത് എന്നും അറിയിച്ചു. ഒരു പ്രോജക്ടിന വേണ്ടി ടെണ്ടർ സമർപ്പിച്ച സ്ഥാപനത്തിന് ടെണ്ടർ തുകയ്ക്ക് അത് നൽകാൻ ബാധ്യതയുണ്ടെന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ അധികമായി നൽകിയ ₹1578-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-20 പള്ളിക്കുന്നുമ്പ്രം സാംസ്കാരികനിലയത്തിന് ലൈബ്രറി പുസ്തകവിതരണം അപാകങ്ങൾ- 50,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ- 307/19 (പള്ളിക്കുന്നുമ്പ്രം സാംസ്കാരിക നിലയത്തിന് ലൈബ്രറിപുസ്തകം)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 50,000(വികസനഫണ്ട് - എസ് സി പി)

ബിൽ നമ്പർ-181901520075015026‌49/25.03.19 – ₹50,000

പള്ളിക്കുന്നുമ്പ്രം സാംസ്കാരിക നിലയത്തിന് ലൈബ്രറി പുസ്തകം നൽകുന്നതിന് വേണ്ടി കേരള സംസ്ഥാന ബുക്ക് മാർക്കിൽ നിന്നും ₹71381 ന്റെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ഡിസ്കൗണ്ട് കഴിച്ച് മേൽ ബിൽ പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വാങ്ങിയ പുസ്തകങ്ങൾ ലൈബ്രറിക്ക് കൈമാറിയതിന്റെ രേഖകൾ, ലൈബ്രറിയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് അന്വേഷണം നമ്പർ 9/18-19 തീ.15.07.2020 പ്രകാരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. ആയതിനാൽ ₹50,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വാണിജ്യാടിസ്ഥാനത്തിൽ പുഷ്പകൃഷിഃ- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ - 16,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ- 105/19 (വാണിജ്യാടിസ്ഥാനത്തിൽ പുഷ്പകൃഷി)

നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ- 12,000 (വികസനഫണ്ട് - ), 4000 (മറ്റുള്ളവ)

ആകെ- 16,000

ബിൽ നമ്പർ-1819015202460098 2813/22.12.18 ₹12,000

ചെക്ക് നമ്പർ- 2568793/16.3.19 ₹4000

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ പുഷ്പകൃഷി ചെയ്യുന്നതിന് വേണ്ടിയാണ് ഈ പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. അതിനു വേണ്ടി മോഡൽ ആഗ്രോ സർവീസ് സെന്റർ ചെറുവാഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 402/18 തീ.11.12.18 പ്രകാരം കുറ്റിമുല്ല (800 എണ്ണം @20) വാങ്ങിയിട്ടുണ്ട്. ഈ ആവശ്യത്തിനു വേണ്ടി മുകളിൽ സൂചിപ്പിച്ച ബിൽ നമ്പർ, ചെക്ക് നമ്പർ എന്നിവ പ്രകാരം ആകെ ₹16000 നൽകിയിട്ടുണ്ട്. എന്നാൽ ആയത് ആർക്കൊക്കെ എത്ര എണ്ണം വീതം വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമല്ല. പ്രോജക്റ്റ് നിർവഹണത്തിനു ശേഷം വാണിജ്യാടിസ്ഥാനത്തിൽ എത്ര പുഷ്പം ഉത്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. തുടർവർഷങ്ങളിൽ എത്ര വരുമാനം ലഭ്യമായിട്ടുണ്ടെന്നും വ്യക്തമല്ല. ഈ അപാകങ്ങൾ അറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/18-19 തീ.15.7.2020ന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 16,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 വയോജനക്ഷേമ പ്രവർത്തനങ്ങൾ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 4,67,180/ രൂപ തടസ്സപ്പെടുത്തുന്ന

I) പ്രോജക്റ്റ് നമ്പർ- 217/19 (വയോജനക്ഷേമപ്രവർത്തനങ്ങൾ)

നിർവഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ- 2,00,000 (വികസനഫണ്ട്)

ബിൽ നമ്പർ-1819015202050096 4193/19.12.18 - ₹1,97,180

പഞ്ചായത്തിലെ വയോജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ട് വയോജന വിശ്രമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിനു വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെ ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പ്രതിപാദിക്കും പ്രകാരമുള്ള ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

1. Wooden Almirah- 2

2.Wooden Rack -2

3.Bench with Back Rest – 12

4.Almirah – 2

5.Podium – 2

6. Chess,Carroms- 2

മേൽ ഫർണിച്ചറുകൾ അരയാക്കണ്ടിപ്പാറ, ഭഗത് സിംഗ് കോളനി എന്നീ പകൽ വിശ്രമകേന്ദ്രങ്ങൾക്ക് നൽകേണ്ടതായിരുന്നു. എന്നാൽ അരയാക്കണ്ടിപ്പാറ വിശ്രമകേന്ദ്രത്തിനു മാത്രമേ ഫർണിച്ചർ നൽകിയിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/18-19 തീയ്യതി 15.7.2020 ന് മറുപടിയായി ഭഗത് സിംഗ് കോളനി വയോജനവിശ്രമ കേന്ദ്രം നിലവിൽ പ്രവർത്തനക്ഷമമായിട്ടില്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഫർണിച്ചറുകൾ പഞ്ചായത്ത് മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തിക്കാത്ത പകൽ വിശ്രമകേന്ദ്രത്തിന് വേണ്ടി ഫർണിച്ചർ വാങ്ങിയത് ക്രമവിരുദ്ധമാണ്. കൂടാതെ സ്ഥാപനത്തിന് ലഭ്യമാക്കിയ ഫർണിച്ചറുകൾ റബ് വുഡ് തന്നെയാണോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ കൈപ്പറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ചെലവ് തുകയായ ₹1,97,180 തടസ്സപ്പെടുത്തുന്നു.

II) പ്രോജക്ട് നമ്പർ- 218/19 (വയോജന വിശ്രമകേന്ദ്രം ഭൗതിക സാഹചര്യം ഒരുക്കൽ)

നിർവഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ- 2,70,000 (വികസനഫണ്ട് - )

ബിൽ നമ്പർ-18190152020500964194/19.12.18 ₹2,70,000

പഞ്ചായത്തിലെ വയോജനക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി രണ്ട് വയോജന വിശ്രമകേന്ദ്രങ്ങൾക്ക് എൽ ഇ ഡി ടി വി (2), ദിവാൻ കോട്ട് (5) എന്നിവ വാങ്ങി നൽകുന്നതിനു വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെ ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയും അരയാക്കണ്ടിപ്പാറ വിശ്രമകേന്ദ്രത്തിനു മാത്രമേ നൽകിയിട്ടുള്ളൂ. പ്രസ്തുത സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതിനു വേണ്ടി ചെലവഴിച്ച തുകയും തടസ്സപ്പെടുത്തുന്നു.
ഒരേ ആവശ്യത്തിന് വേണ്ടി രണ്ട് പദ്ധതികൾ തയ്യാറാക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന ജി.ഒ.(പി)നം.177/2006/ധന തീയതി 12.04.2006 ഉത്തരവിലെ ഖണ്ഡിക 6-1 കർശനമായി പാലിക്കേണ്ടതാണ്. ആകെ 4,67,180/- രൂപ (1,97,180+2,70,000) തടസ്സപ്പെടുത്തുന്നു.

# 1-23 മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല-

## 95,967/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് 183/19 ക്യാൻസർ സർവ്വെയും ക്യാൻസർ ക്യാമ്പും സംഘടിപ്പിക്കൽ

ചെലവ് – 32767/-(വികസന ഫണ്ട്)

പ്രോജക്ടിന്റെ പേര് 229/19 സാന്ത്വന ചികിത്സാ പദ്ധതി (സ്പിൽ ഓവർ)

ചെലവ് – 63200/-(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, സി എച്ച്സി

അഴീക്കോട് കമ്യൂണിറ്റി ഹൽത്ത് സെൻറർ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ക്യാൻസർ സർവേയും ക്യാൻസർ ക്യാമ്പും സംഘടിപ്പിക്കൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 32767/- രൂപയുടെ ചെലവ് രേഖകളും വൗച്ചറുകളും സാന്ത്വന ചികിത്സാ പദ്ധതി (സ്പിൽ ഓവർ)യുടെ 63200/- രൂപയുടെ ചെലവ് രേഖകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/18-19 തീ. 16.07.2020) മറുപടി നല്കിയിട്ടില്ല. 95,967/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് റാക്ക് വാങ്ങൽ - പിഴ ഈടാക്കിയില്ല

പ്രോജക്ടിന്റെ പേര് SO 220/19 ഹോമിയോ ആശുപത്രിക്ക് കൗണ്ടർ, മരുന്ന് റാക്ക് വാങ്ങൽ

ചെലവ് 1,29,763/- (വികസന ഫണ്ട്)

ബിൽ നമ്പർ 06/18-19/28.12.2018(₹129763)

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ഹോമിയോ

അഴീക്കോട് ഗവ. ആശുപത്രിക്ക് കൗണ്ടർ, മരുന്ന് റാക്ക് സ്ഥാപിക്കുന്നതിനായുള്ള മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം (കരാർ നമ്പർ ഇല്ല, തിയ്യതി 22.01.2018) 75 ദിവസത്തിനകം കൗണ്ടർ, മരുന്ന് റാക്ക് സ്ഥാപിക്കുന്നതിനായി റബ്കോയുമായി കരാറിലേർപ്പട്ടിരിക്കുന്നു. എന്നാൽ കൗണ്ടർ, മരുന്ന് റാക്ക് ഇവ സ്ഥാപിച്ചത് 24.12.2018നാണ്. കാലതാമസം നേരിട്ടതിന് കരാർ പ്രകാരം 10% പിഴപ്പലിശ ഈടാക്കേണ്ടതാണ്. പിഴ ഇനത്തിൽ 12,976/-രൂപ ഈടാക്കേണ്ടതാണ്.

# 1-25 മരാമത്ത് പ്രവൃത്തി - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ.

മരാമത്ത് പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

ഉദാ: എ) 246/19 വരയിൽകുന്ന് ഉപ്പായിച്ചാൽ റോഡ് ടാറിംഗ്

ബി) 96/18 വട്ടക്കണ്ടി പന്നിയടുക്ക് റോഡ് സോളിംഗും ടാറിംഗും

സി) 249/19 കല്ലിക്കണ്ട് ചകിരികമ്പനി റോഡ് സോളിംഗം ടാറിംഗം

2. റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ ചെയിനേജ് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3. ടെണ്ടറുകൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ വിവരങ്ങൾ അതത് ഫയലിൽ രേഖപ്പെടുത്തുന്നില്ല.

4. ടെണ്ടർ രേഖകൾ മുഴുവനായും അതത് ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

5. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം സൈറ്റ് രേഖാമൂലം തിരിച്ചേൽപ്പിക്കുന്നില്ല.

6. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ വിവരങ്ങൾ മുഴുവനായും രേഖപ്പെടുത്തുന്നില്ല.

അപാകങ്ങൾ പരിഹരിക്കുന്നതാണന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക സാക്ഷ്യപത്രം നൽകിയതിന്റ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08-07-19 മുതൽ<br>09-07-19 വരെ | കെ.എസ്.എ/കെ.എൻ.ആർ/<br>സി.5/1385 തീയതി: 17.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | ലൈഫ് മിഷൻ | 0 | 1000000 |
| | 150000 | ഒന്നാം ക്ലാസ് ഒന്നാംതരം | 150000 | 0 |
| | 200000 | അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 200000 |
| | 299786 | ചമ്മരശ്ശേരി കുളം നവീകരണം | 46779 | 253007 |
| ജില്ലാ പഞ്ചായത്ത് കണ്ണൂർ | 200000 | വീട് വാസയോഗ്യമാക്കൽ | 0 | 200000 |
| | 20000 | ഒന്നാം ക്ലാസ് ഒന്നാം തരം | 18952 | 148 |

| | | | | |
|---|---|---|---|---|
| | 300000 | അങ്കണവാടി കെട്ടിടനിർമ്മാണം | 0 | 300000 |
| | 200000 | ചമ്മരശ്ശേരി കുളം നവീകരണം | 0 | 200000 |

മേൽ കണക്കുകൾ സുലേഖ ചെലവു പത്രിക പ്രകാരം നൽകിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി കൃത്യമായ കണക്കുകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുകകൾ മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമല്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ലഭ്യമല്ല | 208910 | ലഭ്യമല്ല | ലഭ്യമല്ല |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | ലഭ്യമല്ല | 822059 | ലഭ്യമല്ല | ലഭ്യമല്ല |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ലഭ്യമല്ല | 50000 | ലഭ്യമല്ല | ലഭ്യമല്ല |
| K W A | അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ, A N U P School | ലഭ്യമല്ല | 49000 | ലഭ്യമല്ല | ലഭ്യമല്ല |
| K W A | അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ, കച്ചേരിപ്പാറ | ലഭ്യമല്ല | 15000 | ലഭ്യമല്ല | ലഭ്യമല്ല |
| K W A | അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ, ഓലാടത്താഴ | ലഭ്യമല്ല | 15000 | ലഭ്യമല്ല | ലഭ്യമല്ല |
| K W A | അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ, പൊയ്യാംകടവ് | ലഭ്യമല്ല | 15000 | ലഭ്യമല്ല | ലഭ്യമല്ല |
| K W A | അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ, | ലഭ്യമല്ല | 15000 | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | വൻകുളത്തുവയൽ | | | | |
| K W A | അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ, പരക്കാട്ട് പാറ | ലഭ്യമല്ല | 15000 | ലഭ്യമല്ല | ലഭ്യമല്ല |
| K W A | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമല്ല | 2855200 | ലഭ്യമല്ല | ലഭ്യമല്ല |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 59,62,667 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ഉൾപ്പെടെ) | 14,81,829 |
| ആകെ | 74,44,496 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 74,44,496 |

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്ക് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | കാലാവധി |
|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ ഹോസ്പിറ്റൽ കോ-ഓപ്.സൊസൈറ്റി ഷെയർ | 5,000 | ലഭ്യമല്ല | -- |
| 2 | മലബാർ ടൂറിസം, പറശ്ശിനിക്കടവ് ഷെയർ | 20,000 | ലഭ്യമല്ല | -- |
| 3 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 5,04,231 | 20.07.2015 | 1 വർഷം |
| 4 | അഴീക്കോട് സർവീസ് സഹകരണ ബാങ്ക് | 22,78,344 | 28.11.2015 | ,, |
| 5 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 11,78,584 | 19.12.2014 | ,, |
| | | | | |

| | | | | |
|---|---|---|---|---|
| 6 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 6,15,893 | 19.12.2014 | „ |
| 7 | ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് | 10,00,000 | 06.09.2018 | „ |
| 8 | K G B അഴീക്കോട് | 17,23,355 | 19.12.2014 | „ |
| | ആകെ | 73,25,407 | | |

വാർഷിക ധനകാര്യ പത്രികയിലെ ബി-12 ഷെഡ്യൂൾ പ്രകാരം 74,44,496/- രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 2003-04 | 4 | പൊയ്ത്തുംകടവ് സ്രാമ്പി റോഡ് പരിഷ്കരണം | നിലനിൽക്കുന്നു |
| 2001-02 | 2003-04 | 11 | മത്സ്യത്തൊഴിലാളി ഇന്ധന സബ്സിഡി | നിലനിൽക്കുന്നു |

# 4-9 ചാർജ്ജ് സർചാർജ്ജ് വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 215467814 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 200199809 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 878225 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,12,500 | ശ്രീമതി.ഷീബ.ടി, കൃഷി ഓഫീസർ. |
| 1-16 | 1,35,000 | ഡോ.പ്രശാന്ത്.വി, വെറ്ററിനറി സർജ്ജൻ |
| 1-19 | 1578 | ശ്രീ.എം.പ്രദീപൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 50000 | ശ്രീ.എം.പ്രദീപൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 16000 | ശ്രീമതി.ഷീബ.ടി, കൃഷി ഓഫീസർ. |
| 1-22 | 467180 | ശ്രീമതി.സുനമോൾ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ. |
| 1-23 | 95967 | ഡോ.സന്തോഷ്, മെഡിക്കൽ ഓഫീസർ (CHC) |
| ആകെ | 878225 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീബ.ടി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, അഴീക്കോട്. | 'കമൽ', കണ്ടോന്താർ, മാതമംഗലം |
| ഡോ.പ്രശാന്ത്.വി, | വെറ്ററിനറി സർജ്ജൻ, | വിക്രാനന്തപുരം, |

| | | |
|---|---|---|
| വെറ്ററിനറി സർജ്ജൻ. | അഴീക്കോട്. | പൂക്കോത്ത് നട, തളിപ്പറമ്പ്. |
| ശ്രീ.എം.പ്രദീപൻ, അസി.സെക്രട്ടറി | സെക്രട്ടറി, ബദിയടുക്ക ഗ്രാമപഞ്ചായത്ത്, പെർഡാല പി.ഒ. | തിരുവോണം, അട്ടത്തില, പഴയങ്ങാടി.പി.ഒ. |
| ശ്രീമതി.സുനമോൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അഴീക്കോട്. | ചെമ്പരത്തിക്കുന്നേൽ, തലനാട്.പി.ഒ,കോട്ടയം. |
| ഡോ.സന്തോഷ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, ഡി.എം.ഒ. ഓഫീസ്, കണ്ണൂർ. | അമൽ ഹൗസ്, ചെട്ടിപ്പീടിക, കണ്ണൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 3 |
| 2001-02 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 2 |
| 2002-03 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 6 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 7 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 9 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 8 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 5 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 8 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 4 |
| | | |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 7 |
| 2010-11<br>2011-12 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 16 |
| 2012-13 | കെ.എസ്.എ.കെ.എൻ.ആർ.സി5/ | 16 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 18 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 7 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 4 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി5/833/2020 തീ.30.03.2019 | 2 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.5/833/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
e-mail doknr.ksad@kerala.gov.in
Phone:04972707698

തീയതി: 16.11.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Azheekode Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | | | |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 63076665.55 |
| Cash | Cash | RP-40(a) | 262569.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2403363.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2250.00 |
| 140000000 | Fees & User Charges | RP-4 | 1432743.00 |
| 150000000 | Sale & Hire Charges | RP-5 | 11112080.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 72499412.00 |
| 171000000 | Interest Earned | RP-9 | 1443320.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8519880.00 |
| 350000000 | Other Liabilities | RP-36 | 76352395.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 10244.00 |
| 311000000 | Earmarked Funds | RP-29 | 25956.00 |
| 340000000 | Deposits Received | RP-34 | 183719.00 |
| 350000000 | Other Liabilities | RP-36 | 430810.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 41038082.00 |
| 460000000 | Loans, Advances and Deposits | RP-47 | 13560.00 |
| | Grand total | | 278807048.55 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5041172.00 |
| 220000000 | Administrative Expenses | RP-12 | 1566066.00 |
| 230000000 | Operations & Maintenance | RP-13 | 2649234.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7497053.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23074553.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2330830.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1627043.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 680120.00 |
| 255000000 | Maintenance Projects | RP-20 | 8384605.00 |
| | | | |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2515000.00 |
| 280000000 | Prior Period item | RP-26 | 1116.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 723481.00 |
| 350000000 | Other Liabilities | RP-36 | 80256109.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 59055.00 |
| 280000000 | Prior Period Item | RP-26 | -14553.00 |
| 340000000 | Deposits Received | RP-34 | 23500.00 |
| 350000000 | Other Liabilities | RP-36 | 3650666.00 |
| 410000000 | Fixed Assets | RP-38 | 8787733.00 |
| 412000000 | Capital work in Progress | RP-40 | 15098172.00 |
| 420000000 | Investments | RP-41 | 1000000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 34046030.00 |
| 460000000 | Loans, Advances and Deposits | RP-47 | 1202824.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 78403128.55 |
| Cash | Cash | RP-40(b) | 204111.00 |
| | Grand Total | | 278807048.55 |

# അനുബന്ധം-2-2 ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Azheekode Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9064230.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 646146.00 |
| 140000000 | Fee & User Charges | I-4(b) | 1875543.00 |
| 150000000 | Sale & Hire Charges | I-5(b) | 11112080.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 169770148.00 |
| 170000000 | Income from Investments | I-7 | 481829.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 1443320.00 |
| 180000000 | Other Income | I-9 | 19244.00 |
| | Total Income | | 194412540.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13587303.00 |
| 220000000 | Administrative Expenses | I-11(b) | 1566066.00 |
| 230000000 | Operations & Maintenance | I-12(b) | 2938537.00 |
| 240000000 | Interest & Finance Charges | I-13 | 59055.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7717053.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 29534474.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2830468.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1627043.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 87482920.00 |
| 255000000 | Maintenance Projects | I-14(e) | 8384605.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 2515000.00 |
| 272000000 | Depreciation | I-17(a) | 13072290.00 |
| | Total Expenditure | | 171314814.00 |
| | Gross Surplus/ Deficit of income over Expenditure | | 23097726.00 |
| 280000000 | Prior Period Item | I-18 | 80836.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 23016890.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Azheekode Grama Panchayat BALANCE SHEET As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 68767775.72 |
| 311000000 | Earmarked Funds - Special Funds/Sinking | B-2 | 87670.00 |

| | | | |
|---|---|---|---|
| | Fund/Trust or Agency Fund | | |
| 312000000 | Reserves | B-3 | 80618218.00 |
| | Total Reserve & Surplus | | 149473663.72 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5616835.01 |
| | Total Grants, Contributions for Specific Purposes | | 5616835.01 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2994245.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 6906903.82 |
| | Total Current Liabilities and Provisions | | 9901148.82 |
| | TOTAL LIABILITIES | | 164991647.55 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 125298118.00 |
| 411000000 | Accumulated Depreciation | B-11 | -48099723.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 77198395.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 7444496.00 |
| | Total Investments | | 7444496.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 836103.00 |
| 450000000 | Cash and Bank Balance | B-17 | 78607239.55 |
| 460000000 | Loans, Advances and Deposits | B-18 | 905414.00 |
| | Total Current Assets, Loans and Advances | | 80348756.55 |

| | | |
|---|---|---|
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 164991647.55 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.